സേവനാവകാശ നിയമത്തിൽ ഉൾപ്പെട്ട 26 സേവനങ്ങളിൽനിന്നും ഓൺലൈൻ രൂപത്തിൽ നൽകുവാൻ കഴിയുന്ന 22 സർവ്വീസുകൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ എഫ്.എൽ.3 ലൈസൻസ് പുതുക്കൽ, എഫ്.എൽ.-11 ലൈസൻസ് പുതുക്കൽ, എഫ്.എൽ-4(എ) ലൈസൻസ് പുതുക്കൽ, എഫ്.എൽ.6 ലൈസൻസ് അനുവദിക്കൽ, ബ്രാൻഡ് രജിസ്ട്രേഷൻ എന്നീ അഞ്ചിനം സർവ്വീസുകൾ നാഷണൽ ഇൻഫോമാറ്റിക്സ് സെന്ററിന്റെ സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക്സ് രൂപത്തിൽ നൽകിവരുന്നു. ഇതുകൂടാതെ മറ്റ് സർവ്വീസുകളും ഇപ്രകാരം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും എക്സൈസ് റെയ്ഞ്ച് ഓഫീസും

133 (1874) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും, അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയിഞ്ച് ഓഫീസും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മിച്ചൽ ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റ്

134 (1875) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മിച്ചൽ ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റ് മറ്റൊരു പ്രദേശത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഔട്ട് ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) മാവേലിക്കര മണ്ഡലത്തിൽ മിച്ചൽ ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന എഫ്.എൽ. 1-4020 മാവേലിക്കര ഷോപ്പ്, ദേശീയപാതയുടെ സമീപത്തുനിന്നും മാറി എല്ലാ അബ്കാരി നിയമങ്ങളും പാലിച്ച് എക്സൈസ് ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ടി ഷോപ്പ് മാറ്റി സ്ഥാപിക്കേണ്ടതായിട്ടില്ല.

ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ

135 (1876) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികളാണ് അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ളതെന്നും ഓരോ പ്രവൃത്തിക്കുമായി എത്ര രൂകവീതം വകയിരുത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ബി) ആയതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു/ഏതൊക്കെയാണ് ഇനിയും ആരംഭിക്കാത്തതെന്നും എന്തുകാരണങ്ങളാലാണ് അവ തുടങ്ങാത്തതെന്നും വ്യക്തമാക്കാമോ;

(സി) ഹാർബർ എഞ്ചീനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച തുക എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹാർബർ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട് അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദവിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച ആകെ തുകയായ 1987.09 ലക്ഷം രൂപയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly